**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1175** **31-01-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖത്തേക്ക് മുതലപ്പൊഴി വഴി കരിങ്കല്ല്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖത്തേക്ക് മുതലപ്പൊഴി വഴി കരിങ്കല്ല് കൊണ്ടുപോകുന്നതിന് അദാനി ഗ്രൂപ്പിന് കരാർ നൽകിയിട്ടുള്ള കാലാവധി അവസാനിക്കുന്നത് എന്നാണ്; | (എ) | വിഴിഞ്ഞം തുറമുഖത്തേക്ക് മുതലപ്പൊഴി വഴി കരിങ്കല്ല് കൊണ്ടുപോകുന്നതിന് അദാനി ഗ്രൂപ്പിന് നൽകിയിട്ടുള്ള കരാർ കാലാവധി 11/04/2024-ന് അവസാനിക്കുന്നതാണ്. |
| (ബി) | കരിങ്കല്ല് കൊണ്ടുപോകുന്നതിന് പകരം അദാനി ഗ്രൂപ്പ് ഏറ്റെടുത്ത ഡ്രഡ്ജിങ് ജോലികളുടെ നിലവിലെ സ്ഥിതി എന്താണ്; പ്രസ്തുത ജോലികൾ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്; | (ബി) | 31/07/2023-ൽ ചേർന്ന മന്ത്രിതല യോഗത്തിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുതലപ്പൊഴി ചാനലിൽ ചിതറിക്കിടക്കുന്ന കല്ലുകളും ടെട്രോപോഡുകളും നീക്കം ചെയ്യുന്ന പ്രവൃത്തി നടന്ന് വരുന്നു. ഇതിനോടനുബന്ധിച്ച് മുതലപ്പൊഴി ചാനലിൽ 5 മീറ്റർ ആഴം ഉറപ്പാക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് . മെസ്സേഴ്സ് അദാനി പോർട്ട്സുമായി ഉണ്ടാക്കിയിട്ടുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് (MOU) 11/04/2024-ന് അവസാനിക്കുന്നതിനാൽ 2024 മാർച്ച് 31-ന് മുൻപായി ചാനലിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പ്രോഗ്രാം ചാർട്ട് തയ്യാറാക്കി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവൃത്തി നടന്നു വരുന്നു.<br><br>മുതലപ്പൊഴി മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 03/01/2024 ന് ചേർന്ന മന്ത്രിതല യോഗത്തിൽ ഡ്രെഡ്ജിംങ് പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് മെസ്സേഴ്സ് അദാനി പോർട്ട്സ് ലിമിറ്റഡിന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ ഡ്രെഡ്ജിംഗുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് 20/1/2024 ന് ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ ഒരു യോഗം കൂടി ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ഡ്രെഡ്ജിംഗ് ജോലികൾ പൂർത്തിയാക്കുന്നത് സംബന്ധിച്ച് കർമ്മ പദ്ധതി തയ്യാറാക്കുന്നതിനും ആയത് സർക്കാരിൽ സമർപ്പിക്കുന്നതിനും , ഹാർബർ എൻജിനീയറിംങ് |

| | | | |
|---|---|---|---|
| | | | വകുപ്പ് ഡ്രഡ്ജിംഗ് ജോലികൾ നിരീക്ഷിക്കുന്നതിനും, മെസ്സേഴ്സ് അദാനി പോർട്ട്സ് ലിമിറ്റഡും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും ഡ്രഡ്ജിംഗ് ജോലികൾ സംബന്ധിച്ച പ്രതിവാര പുരോഗതി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കരാർ കാലാവധിക്കുള്ളിൽ ഡ്രഡ്ജിങ് ജോലികൾ കമ്പനിയെ കൊണ്ട് പൂർത്തീകരിപ്പിക്കുന്നതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | 31/07/2023-ൽ ചേർന്ന മന്ത്രിതല യോഗത്തിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുതലപ്പൊഴി ചാനലിൽ ചിതറിക്കിടക്കുന്ന കല്ലുകളും ടെട്രോപോഡുകളും നീക്കം ചെയ്യുന്ന പ്രവൃത്തി നടന്ന് വരുന്നു. ഇതിനോടനുബന്ധിച്ച് മുതലപ്പൊഴി ചാനലിൽ 5 മീറ്റർ ആഴം ഉറപ്പാക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് . മെസ്സേഴ്സ് അദാനി പോർട്ട്സുമായി ഉണ്ടാക്കിയിട്ടുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് (MOU) 11/04/2024-ന് അവസാനിക്കുന്നതിനാൽ 2024 മാർച്ച് 31-ന് മുൻപായി ചാനലിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പ്രോഗ്രാം ചാർട്ട് തയ്യാറാക്കി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവൃത്തി നടന്നു വരുന്നു.<br><br>മുതലപ്പൊഴി മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 03/01/2024 ന് ചേർന്ന മന്ത്രിതല യോഗത്തിൽ ഡ്രെഡ്ജിംങ് പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് മെസ്സേഴ്സ് അദാനി പോർട്ട്സ് ലിമിറ്റഡിന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ ഡ്രെഡ്ജിംഗുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് 20/1/2024 ന് ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ ഒരു യോഗം കൂടി ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ഡ്രെഡ്ജിംഗ് ജോലികൾ പൂർത്തിയാക്കുന്നത് സംബന്ധിച്ച് കർമ്മ പദ്ധതി തയ്യാറാക്കുന്നതിനും ആയത് സർക്കാരിൽ സമർപ്പിക്കുന്നതിനും , ഹാർബർ എൻജിനീയറിംങ് വകുപ്പ് ഡ്രഡ്ജിംഗ് ജോലികൾ നിരീക്ഷിക്കുന്നതിനും, മെസ്സേഴ്സ് അദാനി പോർട്ട്സ് ലിമിറ്റഡും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും ഡ്രഡ്ജിംഗ് ജോലികൾ സംബന്ധിച്ച പ്രതിവാര പുരോഗതി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | കരിങ്കല്ല് കൊണ്ടുപോകുന്നതിനായി അദാനി ഗ്രൂപ്പ് പൊളിച്ചുമാറ്റിയ പുലിമുട്ടുകൾ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം | (ഡി) | കരിങ്കല്ല് കൊണ്ടുപോകുന്നതിനുള്ള ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിനും പൊളിച്ചുമാറ്റിയ പുലിമുട്ടുകൾ പുനർനിർമ്മിക്കുന്നതിനും 09/01/2024 തീയതിയിലെ കത്ത് പ്രകാരം അദാനി വിഴിഞ്ഞം |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; ഈ കാര്യത്തിൽ അടിയന്തരമായി തുടർനടപടി സ്വീകരിക്കുമോ? | | പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ